പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 599          02/12/2014 -ൽ മറുപടിയ്ക്ക്.

<u>സാഫല്യം ഭവന പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയുടെ നിർമ്മാണ പുരോഗതി എതു ഘട്ടത്തിലാണെന്നും പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന നിർമ്മാണ പദ്ധതിയിൽ 48 കുടുംബങ്ങൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിന്റെ റൂഫ് സ്ലാബ് വാർക്കുകയും ഒന്നാംനിലയുടെ ചുമരുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തു. രണ്ടാംനിലയുടെ ചുമരിന്റെ പണിയും വാട്ടർ ടാങ്കിന്റെ പണിയും നടന്നുവരുന്നു. ഈ പദ്ധതിയുടെ നിർമ്മാണം 31/12/2014 - നുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചുവോ; വിശദാംശം അറിയിക്കുമോ? | (ബി) പൂർത്തികരിച്ചിട്ടില്ല.<br>പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഭൂ-ഭവനരഹിതരും ദുർബലവിഭാഗക്കാരുമായ വ്യക്തികളുടെ ലിസ്റ്റിൽ നിന്നും ഇതുവരെ 40 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 8 ഗുണഭോക്താക്കളുടെ ലിസ്റ്റുകൂടി സമീപ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സമീപ പഞ്ചായത്തുകളിലെ അപേക്ഷകർക്ക് മുൻഗണന നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ